ചട്ടംചാലിൽ ഒരു സബ് ട്രഷറി

393 [737] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിലെ ചട്ടംചാലിൽ ഒരു സബ് ട്രഷറി ആരംഭിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ സബ്ട്രഷറി എന്നു പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ചട്ടംചാലിൽ ഒരു സബ്ട്രഷറി ആരംഭിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ട്. ഈ നിവേദനം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

തിരുവനന്തപുരം മ്യൂസിയം പാർക്കിൽ ടെലിവിഷൻ സ്ഥാപിക്കാൻ നടപടി

394 [739] ശ്രീ. ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മ്യൂസിയം പാർക്കിൽ പൊതുജനങ്ങളുടെ ആവശ്യത്തിനായി ഒരു ടെലിവിഷൻ സ്ഥാപിക്കുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ടെലിവിഷൻ സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണിക്കുന്നതാണ്.

(ബി) ഉദിക്കുന്നില്ല.

അഴുതയാറിലെ അണക്കെട്ട്

395 [741] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ അഴുതയാറിനു കുറുകെ ഒരു അണക്കെട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഏതു സ്റ്റേജിലായെന്നു വ്യക്തമാക്കാമോ;

(സി) ഈ അണക്കെട്ടിന്റെ പ്രയോജനം എന്തെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വേയും സ്ഥലമെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഡാമിന്റെയും ടണലിന്റെയും നിർമ്മാണത്തിനുള്ള ടെണ്ടർ സ്വീകരിക്കാനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അഴുതയാറിനു കുറുകെ ഒരു അണകെട്ടി ശേഖരിക്കപ്പെടുന്ന ജലം ഒരു ഡൈവർഷൻ ടണലിലൂടെ ഇടുക്കിയിൽ എത്തിച്ചു 57 ദശലക്ഷം യൂണിറ്റ് വൈദ്യുതി കൂടി ഉൽപ്പാദിപ്പിക്കുകയാണ് ഈ അണക്കെട്ടുകൊണ്ട് ഇപ്പോഴുദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രയോജനം.

കുമാരപ്പിള്ള കമ്മീഷൻ

396 [742] ശ്രീ. ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമാരപിള്ള കമ്മീഷൻ മൂലം ഫീസ് കൺസഷൻ ലഭിക്കുന്നതിന് പ്രീഡിഗ്രി, ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേഷൻ എന്നിവയ്ക്കുള്ള വരുമാന പരിധി എത്രയാണ്;

(ബി) പ്രസ്തുത കോഴ്സുകൾക്ക് ഫീസ് സൗജന്യത്തിന് ഓരോ വർഷവും വരുമാന സർട്ടിഫിക്കറ്റ് വേണമോ;

(സി) ഈ കോഴ്സുകളുടെ ആദ്യവർഷം മാത്രം വരുമാന സർട്ടിഫിക്കറ്റ് നൽകിയാൽ മതിയെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്നു മുതലാണ്;

(ഇ) ഈ ഓർഡറിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കാമോ?

ഉത്തരം

(എ) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം ബിരുദാനന്തര കോഴ്സുകൾക്കും, പ്രൊഫഷണൽ കോഴ്സുകൾക്കും മാത്രമേ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളു. ഇതിനു നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാന പരിധി 12,000 രൂപയാണ്.

പ്രീഡിഗ്രി, ഡിഗ്രി മുതലായ കോഴ്സുകൾക്ക് ഈ റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുകയില്ല. ഹരിജനക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ കീഴിൽ 6,000 രൂപയിൽ കവിയാത്ത വാർഷികവരുമാനമുള്ള മാതാപിതാക്കളുടെ കുട്ടികൾക്ക് പ്രീഡിഗ്രി കോഴ്സിനും, 8,000 രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള മാതാപിതാക്കളുടെ കുട്ടികൾക്ക് ഡിഗ്രികോഴ്സിനും പഠിക്കുന്നതിന് വിദ്യാഭ്യാസ സൗജന്യം നൽകുന്നുണ്ട്.

(ബി) വേണം.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly